പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ ചില പ്രത്യേക സാഹചര്യത്തിൽ ബാധ്യതയുണ്ടായാൽ സംസ്ഥാന സർക്കാർ അത് ഏറ്റെടുക്കണമെന്ന നിർദ്ദേശം ലഭിച്ചിരുന്നു.

(സി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന് മറുപടി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനം ഈ വിഷയം പരിശോധിച്ചുവരികയാണ്.

സിൽവർ ലൈൻ റെയിൽ പദ്ധതി

16 (4739) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ ടെയിൻ സർവ്വീസ് ആരംഭിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതി ഇപ്പോൾ പ്രാരംഭ ഘട്ടത്തിലാണ്. പദ്ധതിയുടെ സാധ്യതാ പഠനം പൂർത്തിയാക്കി സമർപ്പിച്ച റിപ്പോർട്ടിന് റെയിൽവേയിൽനിന്നും തത്വത്തിൽ അംഗീകാരം ലഭിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ വിശദ പഠന റിപ്പോർട്ടിന് കേരള സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും റെയിൽവേ മന്ത്രാലയത്തിന്റെ അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തിരിക്കുകയാണ്. പദ്ധതിക്കായുള്ള വായ്പ സ്വരൂപണവും ഭൂമി ഏറ്റെടുക്കൽ നടപടിയും അതിനായുള്ള തുക സമാഹരിക്കൽ നടപടിക്രമങ്ങളുമാണ് ഇപ്പോൾ നടന്നുവരുന്നത്. തുടർന്ന് റെയിൽവേ ബോർഡിന്റെയും, കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന്റെയും കേന്ദ്ര മന്ത്രിസഭയുടെയും അനുമതി ലഭിക്കുന്നമുറയ്ക്ക് അഞ്ച് വർഷത്തിനുള്ളിൽ പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ച് സിൽവർലൈൻ ടെയിൻ സർവ്വീസ് ആരംഭിക്കാൻ സാധിക്കുന്നതാണ്.

(ബി) കെ-റെയിൽ പദ്ധതിയും സിൽവർ ലൈൻ പദ്ധതിയും തമ്മിലുള്ള അന്തരം വിശദമാക്കാമോ?

(കെ-റെയിൽ) അഥവാ കേരള റെയിൽ ഡെവല്പമെൻറ് കോർപ്പറേഷൻ ലിമിറ്റഡ് എന്നത് സംസ്ഥാനത്തെ റെയിൽ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുംവേണ്ടി കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് രൂപീകരിച്ച ഒരു സംയുക്ത സംരംഭ കമ്പനിയാണ്. കേരള റെയിൽ ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് സംസ്ഥാനത്തിന് ആദായകരമായതും സാധ്യമായതുമായ പദ്ധതികൾ ഏറ്റെടുക്കുകയും അതിൽ സർവ്വേകൾ, സാധ്യതാ പഠനങ്ങൾ, വിശദമായ പ്രോജക്ട്

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കൽ, ആവശ്യമായ അംഗീകാരങ്ങൾ, പദ്ധതികൾ നടപ്പാക്കാനുള്ള അനുമതിക്കുവേണ്ടിയുള്ള പ്രോസസിംഗ്, അംഗീകാരം ലഭിച്ച പദ്ധതികളുടെ നടപ്പാക്കൽ ഇങ്ങനെ അംഗീകാരം ലഭിച്ച പദ്ധതികളുടെ നിർമ്മാണം തുടങ്ങുന്നതിനായി എസ്.പി.വി. രൂപവൽക്കരിക്കൽ എന്നിവ ഉൾപ്പെടുന്നു. സംയുക്ത സംരംഭ കമ്പനിയായ കേരള റെയിൽ ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ.) ഒട്ടനവധി പദ്ധതികൾ ഇതിനായി ഏറ്റെടുത്തു നടത്തുന്നുണ്ട്. പ്രസ്തുത പദ്ധതികളിൽ സംസ്ഥാനത്തെ ഗതാഗത സംവിധാനത്തിന് വൻകുതിപ്പേകുന്നതും വലിയ അന്താരാഷ്ട്ര നിലവാരത്തിൽ എത്തുന്നതരത്തിൽ യാത്രക്കാർക്ക് സൗകര്യമൊരുക്കുന്നതിനുമായി തിരുവനന്തപുരത്തിനും കാസർഗോഡിനുമിടയിൽ ഒരു ഗ്രീൻ ഫീൽഡ് ഇരട്ട പാത നിർമ്മിക്കുക എന്നതാണ് സിൽവർ ലൈൻ പദ്ധതി.

മുഖ്യമന്ത്രിയുടെ വിദ്യാഭ്യാസ ശാക്തീകരണ നിധി

17 (4740) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി :
ശ്രീമതി സി. കെ. ആശ :
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ പഠന സൗകര്യങ്ങളുൾപ്പെടെ വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിനായി അധിക വിഭവ സമാഹരണം നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന സാമൂഹിക നിലപാടിൽ കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ സാർത്ഥകമാക്കാൻ സഹായകമാകുംവിധം ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കുന്നതിന് പൊതുവിദ്യാലയങ്ങളിലെ മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ ഉപകരണങ്ങളും, എല്ലാ കുട്ടികൾക്കും ഓൺലൈൻ ക്ലാസ്സിൽ തടസ്സങ്ങളില്ലാതെ പങ്കെടുക്കാനാവശ്യമായ ക്രമീകരണങ്ങളും, കുട്ടികളുടെ വിദ്യാഭ്യാസം സാമൂഹികമായ ഉത്തരവാദിത്തം ആയതിനാൽ അതിനായി ആവിഷ്കരിക്കുന്ന ജനകീയ പദ്ധതികളിൽ എല്ലാവരുടെയും അർത്ഥപൂർണ്ണമായ പങ്കാളിത്തം ഉറപ്പാക്കുകയും, ഡിജിറ്റൽ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് രക്ഷിതാക്കളെയും സമൂഹത്തെയും സജ്ജരാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുകയുമാണ് ശാക്തീകരണത്തിന്റെ ഭാഗമായ നടപടികൾ. പൊതുവിദ്യാഭ്യാസ രംഗത്തെ ശാക്തീകരിക്കാൻ 'വിദ്യാകിരണം' എന്ന പേരിൽ പ്രത്യേക പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപംനൽകി. പൊതുവിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly